# പതിമൂന്നാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.4536 04.02.2014-ന് മറുപടിയ്ക്ക്

## വില്ലേജാഫീസുകളിൽ നിലവിലുള്ള സ്റ്റാഫ് പാറ്റേൺ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.കെ.രാധാകൃഷ്ണൻ | | ശ്രീ. അടൂർ പ്രകാശ്<br>(റവന്യൂവും കയറും വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ വില്ലേജാഫീസുകളിൽ നിലവിലുള്ള സ്റ്റാഫ് പാറ്റേൺ നിശ്ചയിച്ചത് ഏതു വർഷമാണെന്ന് വ്യക്തമാക്കാമോ; | (എ) | വില്ലേജോഫീസുകളിൽ അനുഭവപ്പെടുന്ന ജോലി ഭാരത്തിനനുസൃതമായി കാലാകാലങ്ങളിൽ സ്റ്റാഫ് പാറ്റേൺ പുതുക്കി നിശ്ചയിക്കപ്പെട്ടു എന്ന് കരുതുന്നു. |
| (ബി) | ഓരോ വില്ലേജുകളിലും ചുമതലകൾ വർദ്ധിച്ചുവരികയും ജനസംഖ്യാവർദ്ധനവനുസരിച്ച് കൂടുതൽ ജോലിഭാരം ഏറ്റെടുക്കേണ്ടിവരികയും ചെയ്തിട്ടുള്ള സാഹചര്യങ്ങൾ പരിശോധിച്ചിട്ടുണ്ടോ; | (ബി) | ഉണ്ട് |
| (സി) | ആവശ്യത്തിനുള്ള ജീവനക്കാരുടെ കുറവ് കാരണം വില്ലേജാഫീസുകളിൽ നിന്നും പൊതുജനങ്ങൾക്ക് ലഭിക്കേണ്ട സേവനങ്ങൾക്ക് കാലതാമസം നേരിടുന്നതും തുടർന്നുണ്ടാകുന്ന ബുദ്ധിമുട്ടുകളും പരിശോധിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ; | (സി) & (ഡി) | സംസ്ഥാനത്തെ എല്ലാ വില്ലേജോഫീസുകളിലും ഓരോ വില്ലേജ് അസിസ്റ്റന്റ് തസ്തിക സൃഷ്ടിക്കണമെന്ന ആവശ്യം സർക്കാർ പരിശോധിച്ചു വരുന്നു. വില്ലേജോഫീസുകളിലെ ജോലി ഭാരം കണക്കിലെടുത്ത് സംസ്ഥാനത്തെ എല്ലാ വില്ലേജോഫീസുകളിലും ഓരോ ക്ലറിക്കൽ തസ്തിക അനുവദിക്കുന്നത് സംബന്ധിച്ച സാധ്യതാ പഠനത്തിന് ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. കൂടാതെ കമ്പ്യൂട്ടർ വത്കരണമുൾപ്പെടെയുള്ള നടപടികളിലൂടെ വില്ലേജ് ഓഫീസുവഴിയുള്ള സേവനം ത്വരിതപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. |
| (ഡി) | പൊതുജനങ്ങൾക്ക് നിശ്ചിത സമയപരിധിക്കുള്ളിൽ സേവനങ്ങൾ ലഭ്യമാക്കുന്നതിന്,വർദ്ധിച്ച ജോലി ഭാരത്തിനനുസരണമായി സ്റ്റാഫ് പാറ്റേൺ പുതുക്കി നിശ്ചയിക്കുവാൻ നടപടി സ്വീകരിക്കുമോ? | | |

സെക്ഷൻ ഓഫീസർ